**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6280 | 11.07.2012 ൽ മറുപടിയ്ക്ക്

**ബയോ ഡൈവേഴ്സിറ്റി കോൺഗ്രസ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ബയോഡൈവേഴ്സിറ്റി കോൺഗ്രസ്സ് നടത്താനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എവിടെ വച്ചാണ് ബയോ ഡൈവേഴ്സിറ്റി കോൺഗ്രസ്സ് നടത്തുന്നത്; | (ബി) കനകക്കുന്ന് പാലസ്, തിരുവനന്തപുരം. |
| (സി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (സി) ജൈവവൈവിധ്യ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, ഗവേഷകർ, പരിസ്ഥിതി പ്രവർത്തകർ, മാധ്യമ പ്രവർത്തകർ, വിദ്യാർത്ഥികൾ എന്നിവരെയെല്ലാം ഒരു പൊതുവേദിയിൽ കൊണ്ടു വരികയും സമകാലീന പരിസ്ഥിതി/ജൈവവൈവിധ്യ സംരക്ഷണ വിഷയങ്ങൾ ചർച്ച ചെയ്യുകയും, നമ്മുടെ ജൈവവൈവിധ്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് വിജ്ഞാനം പകരുന്ന ഒരു എക്സിബിഷൻ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (ഡി) ആരൊക്കെയാണ് ഇതിൽ പങ്കെടുക്കുന്നത്; വിശദമാക്കുമോ; | (ഡി) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ മേൽനോട്ടത്തിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡുകളും, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേന്ദ്ര-സംസ്ഥാന സ്ഥാപന |

ങ്ങൾ, ഗവേഷകർ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവരെല്ലാം ഇതിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| | | | |
|---|---|---|---|
| (ഇ) | എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത കോൺഗ്രസ്സ് ചർച്ച ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | " ജൈവവൈവിധ്യവും ഭക്ഷ്യസുരക്ഷയും " എന്നതാണ് പ്രധാന വിഷയം. ഇത് കൂടാതെ അനുബന്ധ ഉപവിഷയങ്ങളിലും ചർച്ചകൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ